LIBRARY ARCHIVES Kerala Legislative Assembly

മത്സ്യം പിടിക്കാനുള്ള കത്തക

*൪൭൫. (൪൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഫിഷറീസ് ഡിസമ്പർ ഫസ്റ്റ്-ാംതീയതിക്കുശേഷം ആരെങ്കിലും പുതുതായി പുറംപോക്ക് ജലാശയങ്ങളിൽനിന്നും മത്സ്യം പിടിക്കാനുള്ള കത്തക കൊടുത്തിട്ടുണ്ടോ ;

(ബി) (എ)-യ്ക്ക് ഉത്തരം "അതേ" എന്നാണെങ്കിൽ, ഇതെല്ലാം ഏതേത് ജലാശയങ്ങളാണ് കൊടുത്തിട്ടുള്ളത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉണ്ട്.

(ബി) ചേർത്തല എഴുപുന്ന കമ്പോളത്തുപറമ്പിൽ ശ്രീ. അന്തോണി ജോസ്സിനു് ഇറവൂർ വടക്കുപകുതിയിൽ സർവ്വെ ന്യ ന്യ/൨, ന്യ൯/൨-ൽ കരയത്തോടിനും വല്ലയിൽതോടിനും ഇടക്കുള്ള ൨ ഏക്കർ ൭൫ സെൻറ് പുറമ്പോക്ക ജലാശയം മുന്നുകൊല്ലത്തേക്ക് സെൻറ് ഒന്നിനു് ൫ അണവച്ചു് അനുവദിച്ചിട്ടുണ്ട്.

കത്തകപ്പാട്ടം

*൫ ൩൯. (ശ്രീ) ശ്രീ. സി. സി. പ്രസാദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമികൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലത്തേക്കാണ്?

നിയമവും, ധനകാര്യവും, റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കത്തകപ്പാട്ടവ്യവസ്ഥയിൽ കാലാവധിവെച്ചും കാലാവധി കൂടാതെയും ഭൂമി കൊടുത്തിട്ടുണ്ട്.

(ബി) സാധാരണ കാലാവധിവെച്ചു കൊടുക്കുന്നതു് ൧൨ കൊല്ലത്തേക്കാണ്.

നിയമവിരുദ്ധമാക്കപ്പെട്ട സംഘടനകൾ

*൫൭൯. (എ) (൫൫) ശ്രീ. സി. സി. പ്രസാദ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

മദ്രാസിലും കൽക്കട്ടയിലും മറ്റും നിയമവിരുദ്ധസംഘടനകളെ നിയമവിധേയമാക്കികൊണ്ടുള്ള കോടതി തീരുമാനങ്ങൾ ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ) : ഉണ്ട്.

Unstarred Questions and Answers

ഡിറെൻഷൻ ആക്ട്

൨൯. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഡിറെൻഷൻ ഓർഡർ അനുസരിച്ചു് എത്രപേരെ തടങ്കലിൽ വച്ചിട്ടുണ്ട് ;